ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): കാക്കടവ് പദ്ധതിയെ സംബന്ധിച്ചിടത്തോളം അതിന്റെ ഒരു ഡിവിഷനും ഒന്നുരണ്ട് സബ്ഡിവിഷൻസും ഒക്കെ മാറാൻ പ്രപ്പോസലുണ്ട്. മാറിക്കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിലെ പ്രൊവിഷൻ 1.5 ലക്ഷമാണ്. അവിടെ പണിയൊന്നുമില്ലെങ്കിലും ശമ്പളം കൊടുക്കുന്നതിന് എസ്റ്റിമേറ്റ് ചാർജ്ജ് തന്നെ ഏകദേശം ആറ് ലക്ഷം രൂപ വരും. എന്തായാലും ഈ കൊല്ലം 10 ലക്ഷം രൂപ കൂടി 19.8.1985-ൽ അലോട്ട് ചെയ്തിട്ടുണ്ട്. കുടിശിക കൊടുക്കാനും ബാക്കിയുള്ള കാര്യങ്ങൾക്കുമൊക്കെകൂടി കാക്കടവ് പദ്ധതിയെ സംബന്ധിച്ചിടത്തോളം അത് റീസ്റ്റോറേഡിക്ക് കഴിഞ്ഞകാല ഗവൺമെന്റ് കൊടുത്തിരുന്നു എന്ന് പല പ്രാവശ്യം ഈ നിയമസഭയിൽ ഞാൻ പറഞ്ഞതാണ്. റീസ്റ്റോറേഡിയുടെ റിപ്പോർട്ട് വന്ന് ആ റിപ്പോർട്ട് പ്രകാരം കാക്കടവിന്റെ പ്രവർത്തനങ്ങൾ നടത്തണം. പക്ഷേ ഒന്നുരണ്ട് റീഹാബിലിറ്റേഷൻ പ്രശ്നമാണ് പ്രധാനമായ കാരണം. സബ്മേർസിബിൾ ഏരിയാ, - ഇൻവർസ്റ്റേറേറ്റ് ഡിസ്പ്യൂട്ട് ഇവിടെയുണ്ട്. അതെല്ലാം പരിഹരിക്കണമെന്ന് എക്സ്പേർട്ട് റെക്കമെന്റേഷൻ ഉണ്ട്. അതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കളക്ടർമാരോട് സ്ഥലം അന്വേഷിച്ച് കണ്ടുപിടിക്കാൻ പറഞ്ഞു, അതേക്കുറിച്ച് പരിശോധിച്ച് റിപ്പോർട്ടുകൾ മുഴുവൻ കിട്ടി കഴിഞ്ഞിട്ടില്ല. പല ഭാഗത്തുനിന്നും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. എന്തായാലും അതൊക്കെ കിട്ടിക്കഴിഞ്ഞാൽ ഒരു തീരുമാനം എടുക്കുന്നതാണ്. ഇതേക്കുറിച്ച് ഞാൻ കഴിഞ്ഞ നിയമസഭയിലും പറഞ്ഞതാണ്. കാക്കടവ് പദ്ധതിയെ സംബന്ധിച്ചിടത്തോളം പല റിപ്പോർട്ടുകളും കിട്ടാനുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ തീരുമാനമെടുക്കുന്നതാണ്.

(2) മല്ലപ്പള്ളിയിലും റാന്നിയിലും താലൂക്കാശുപത്രികൾ

ശ്രീ. ടി. എസ്. ജോൺ: പുതുതായി രൂപംകൊണ്ട പത്തനംതിട്ട ജില്ലയിലെ രണ്ട് താലൂക്കുകളാണ് റാന്നിയും മല്ലപ്പള്ളിയും. റാന്നിയിലും മല്ലപ്പള്ളിയിലും ഇതേവരെ താലൂക്ക് ആശുപത്രികൾ ഉണ്ടായിട്ടില്ല. നിലവിലുള്ള മല്ലപ്പള്ളി പബ്ലിക് ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് സ്ഥലവും ഉണ്ട്. ഇത് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി എത്രയും വേഗം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): നമ്മുടെ സംസ്ഥാനത്ത് നാല് താലൂക്കുകളിൽ താലൂക്ക് ആശുപത്രികൾ ആയിട്ടില്ല. അതിലൊന്നാണ് മല്ലപ്പള്ളി. അതിന് 100 രൂപ ഇക്കൊല്ലം ബഡ്ജറ്റിൽ തന്നെ കൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രവർത്തനം എത്രകണ്ട് മുന്നോട്ട് കൊണ്ടുപോകാമെന്നുള്ളത് കണ്ടുതന്നെ അറിയണം. എന്തായാലും താലൂക്ക് ആശുപത്രികൾ ഇല്ലാത്ത സ്ഥലത്ത് താലൂക്ക് ആശുപത്രികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) വക്കം പണയിൽക്കടവ് പാലത്തിന്റെ പണി

ശ്രീ. പി. വിജയദാസ്: വക്കം പണയിൽക്കടവ് പാലത്തിന്റെ പണി ആരംഭിക്കണമെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly